# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1678    18.06.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം പദ്ധതിക്കുള്ള പരിസ്ഥിതി ക്ലിയറൻസ്

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ; പി.സി. വിഷ്ണുനാഥ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിഴിഞ്ഞം പദ്ധതി സംബന്ധിച്ചു കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br><br>ലാന്റ് ലോർഡ് മോഡൽ പ്രകാരം നിർമ്മിക്കുന്ന പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി പോർട്ട് ഓപ്പറേറ്ററെ ഒരു മത്സരാധിഷ്ഠിത ബിഡ്ഡിലൂടെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആണ് ആരംഭിച്ചത്. പോർട്ട് ഓപ്പറേറ്റർ ആയി തെരഞ്ഞെടുക്കപ്പെടുന്നതിന് സാങ്കേതിക യോഗ്യത നേടിയ കമ്പനികൾ കൺസോർഷ്യം ഓഫ് വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് (ഇന്ത്യ) ഉം മുന്ദ്ര പോർട്ട് & സ്പെഷ്യൽ ഇക്കോണമിക് സോൺ ലിമിറ്റഡ് - ഉം ആണ്. ഇതിൽ മുന്ദ്ര പോർട്ടിനു കേന്ദ്ര സർക്കാരിൽ നിന്നും സുരക്ഷാ അനുമതി ലഭിക്കാത്തതിനാൽ അവരുടെ ഫിനാൻഷ്യൽ ബിഡ്ഡ് തുറക്കുന്നതിനുള്ള യോഗ്യത അവർ നേടിയിരുന്നില്ല. |

സുരക്ഷാ യോഗ്യത നേടിയ വെൽസ്പൺ കൺസോർഷ്യത്തിന്റെ സാമ്പത്തിക ടെൻഡർ തുറക്കുകയും എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അവരുടെ ഓഫറിന്മേൽ പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിനായി ഒരു ബിഡ്സ് നെഗോസ്യേഷൻ കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി.

30 കൊല്ലത്തെ പാട്ടത്തിനു ഏറ്റെടുക്കുന്നതിനായി ആദ്യ 16 വർഷത്തേയ്ക്ക് 479.54 കോടി (NPV) രൂപ ഗ്രാന്റായി വെൽസ്പൺ കൺസോർഷ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അവരുമായി നടത്തിയ നെഗോസ്യേഷൻ മൂലം ഗ്രാന്റിൽ നിന്നും 20.05 (NPV) കോടി രൂപയുടെ കുറവു വരുത്തുന്നതിനു കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രസ്തുത കമ്പനിയ്ക്കു തുറമുഖ നിർമ്മാണത്തിനുള്ള ഇ.പി.സി കോൺട്രാക്ട് ലഭിക്കുകയാണെങ്കിൽ മാത്രം മറ്റൊരു 21 കോടി രൂപ കൂടി കുറയ്ക്കുന്നതിനും സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, എംപവേർഡ് കമ്മിറ്റി യുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാനും ഇ.പി.സി ടെൻഡർ ഡോക്യുമെന്റും പൂർത്തിയായി വരുന്നു. പാരിസ്ഥിതിക അനുമതി ലഭിച്ചതിനു ശേഷം മാത്രമേ ഇതിന്റെ ടെൻഡർ നടപടികൾ ആരംഭിക്കുവാൻ

സാധിക്കുകയുള്ളൂ.

(ബി) വിഴിഞ്ഞം പദ്ധതിക്ക് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി; വിശദാംശം നൽകാമോ?

(ബി) ഇല്ല. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതിക അനുമതിയ്ക്കുള്ള ടേംസ് ഓഫ് റഫറൻസിന് 2011 ജൂലൈ മാസത്തിൽ അംഗീകാരം ലഭ്യമായതിനെ തുടർന്ന് നടക്കുന്ന പാരിസ്ഥിതിക പഠനം 2012 ജൂൺ 30 നു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പബ്ലിക് ഹിയറിംഗിനുശേഷം കേന്ദ്ര സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ